"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിച്ചുവരുന്ന ഹരിതകർമ്മസേനയ്ക്ക് വരുമാനത്തിലുണ്ടാകുന്ന കുറവ് നികത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്ന് വയബിലിറ്റി ഗ്യാപ് ഫണ്ട് (വി.ജി.എഫ്) അനുവദിക്കുന്നതിൽ സ്പഷ്ടീകരണം നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**സ.ഉ.(സാധാ) നം.684/2022/LSGD തീയതി,തിരുവനന്തപുരം, 21-03-2022**

പരാമർശം:-

1. 15.07.2017 -ലെ സ.ഉ (സാധാ) നം.2420 /2017 /തസ്വഭവ നമ്പർ ഉത്തരവ്.
2. 19/05/2018 ലെ സ.ഉ (സാധാ) നം.1391 /2018 /തസ്വഭവ നമ്പർ ഉത്തരവ്.
3. 25.03.2019 -ലെ സ.ഉ (സാധാ) നം. 703/2019/തസ്വഭവ നമ്പർ ഉത്തരവ്.
4 11.04.2020 - ലെ സ.ഉ (കൈ) നം.62/2020/തസ്വഭവ നമ്പർ ഉത്തരവ്
5 02.07.2021 ലെ സ.ഉ (സാധാ) നം. 1250/2021 /തസ്വഭവ നമ്പർ ഉത്തരവ്
6 12.10.2021-ലെ സ.ഉ (സാധാ) നം. 1972 /2021 /തസ്വഭവ നമ്പർ ഉത്തരവ്.
7 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.01.2022-ലെ 2152/C5/2016/SM നമ്പർ കത്ത്.

**ഉത്തരവ്**

മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ രൂപീകരിക്കേണ്ട ഹരിതകർമ്മസേനകൾ സംബന്ധിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിച്ചുവരുന്ന ഹരിതകർമ്മസേനയ്ക്ക് വരുമാനത്തിലുണ്ടാകുന്ന കുറവ് നികത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്ന് വയബിലിറ്റി ഗ്യാപ് ഫണ്ട് (വി.ജി.എഫ്.) അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ഹരിതകർമ്മസേനയ്ക്ക് വരുമാനത്തിലുണ്ടാകുന്ന കുറവ് നികത്തുന്നതിനായി നിശ്ചിത കാലയളവിലേയ്ക്ക് കൂടി വി.ജി.എഫ്. നൽകുന്നതിന് അനുമതി നൽകി പരാമർശം (3), പരാമർശം (4),പരാമർശം (5), പരാമർശം (6) എന്നിവ പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

2. 2017 മുതൽ വിവിധ ഘട്ടങ്ങളായാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേന

രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നത് എന്നും വിവിധ സമയങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേന രൂപീകരിച്ചതിനാൽ, വി.ജി.എഫ്. അനുവദിച്ചിരുന്നത് വിവിധ രീതിയിലാണെന്നും ഇത്തരത്തിൽ ഏകീകൃതമല്ലാത്ത രീതിയിൽ ഹരിതകർമ്മസേനയ്ക്ക് വി.ജി.എഫ്. അനുവദിച്ചതു മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിൽ നിന്നും ഓഡിറ്റ് ഒബ്ജക്ഷനുകൾ ഉണ്ടാകുന്നതായും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (7) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനാൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിച്ചുവരുന്ന ഹരിതകർമ്മസേനയ്ക്ക് വരുമാനത്തിലുണ്ടാകുന്ന കുറവ് നികത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്ന് വയബിലിറ്റി ഗ്യാപ് ഫണ്ട് (വി.ജി.എഫ്.) അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഏകീകൃത ഉത്തരവ് പുറപ്പെടുവിക്കണമെന്ന ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (7) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഹരിതകർമ്മസേന രൂപീകരിച്ച് വാതിൽപ്പടി ശേഖരണം ആരംഭിക്കുന്ന തീയതി മുതൽ ഹരിതകർമ്മസേനയ്ക്ക് വരുമാനത്തിലുണ്ടാകുന്ന കുറവ് നികത്തുന്നതിനായി ആദ്യ 6 മാസക്കാലത്തേയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് (വി.ജി.എഫ്.) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്ന് പരമാർശം (2) പ്രകാരം നല്കാവുന്നതാണെന്നും പരമാർശം (3) പ്രകാരം അടുത്ത 6 മാസക്കാലത്തേയ്ക്ക് വി.ജി.എഫ്. നീട്ടി നല്കാവുന്നതാണെന്നും, എന്നിട്ടും ഹരിതകർമ്മസേനയ്ക്ക് വരുമാനം സ്ഥായിയാകാത്ത സാഹചര്യമുണ്ടെങ്കിൽ പരാമർശം (4), പരാമർശം (5), പരാമർശം (6) എന്നിവ പ്രകാരം അനുമതി നൽകിയിട്ടുള്ള കാലയളവായ യഥാക്രമം 6 മാസം, 3 മാസം, 5 മാസം എന്നീ ക്രമത്തിലും, ഹരിതകർമ്മ സേനയുടെ വരുമാന നില പരിശോധിച്ച് വി.ജി.എഫ്. ലഭ്യമാക്കാവുന്നതാണെന്നും സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHIBI ABRAHAM
**ഡെപ്യൂട്ടിസെക്രട്ടറി**

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്